# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2436** 17.08.2017 ലെ മറുപടി

## പട്ടാമ്പി മണ്ഡലത്തിലെ ജലസേചനപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ.പി :** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) 2016-17, 2017-18 വർഷത്തെ ബജറ്റുകളിൽ ജലസേചനവുമായി ബന്ധപ്പെട്ട് പട്ടാമ്പി മണ്ഡലത്തിൽ അനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; അവയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) കഴിഞ്ഞ വർഷത്തെ രൂക്ഷമായ വരൾച്ചയിൽ രണ്ടാം വിള നെൽകൃഷി പോലും നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം സാഹചര്യം തരണം ചെയ്യാൻ പട്ടാമ്പി മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | (ബി) കഴിഞ്ഞ വർഷത്തെ രണ്ടാം വിളയ്ക്കായി ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിൽ നിന്നും വെള്ളം കൃഷിയിടങ്ങളിലേക്ക് എത്തിച്ചിട്ടുണ്ട്. ചെങ്ങണാംകുന്നിൽ ഭാരതപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണ പ്രവർത്തി പുരോഗമിച്ച് വരുന്നു. ഈ പ്രവൃത്തി 2018 ഓടുകൂടി പൂർത്തികരിക്കുന്നതിലൂടെ ഏകദേശം ചെങ്ങണാംകുന്നിൽ നിന്നും റഗുലേറ്ററിന്റെ അപ്സ്ട്രീം ഭാഗത്തായി 6 കി.മീറ്റർ ദൈർഘ്യത്തിൽ ജലം സംഭരിക്കുവാൻ സാധ്യമാകും. കൂടാതെ ഓങ്ങല്ലൂർ, വിളയൂർ, ദേശമംഗലം എന്നീ പഞ്ചായത്തുകളിലും ഷൊർണ്ണൂർ മുൻസിപ്പാലിറ്റിയിലും ഒരു പരിധി വരെ കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങളും പരിഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**2016-17**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| 1. | ഓങ്ങല്ലൂർ പഞ്ചായത്തിലെ കണ്ണംമ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം | പ്രവൃത്തി പൂർത്തീകരിച്ചു |
| 2. | ഓങ്ങല്ലൂർ പഞ്ചായത്തിലെ ഭാരതപ്പുഴയ്ക്ക് കുറുകെ ചെങ്ങണാംകുന്ന് റെഗുലേറ്റർ നിർമ്മാണം | 79% പ്രവൃത്തി പൂർത്തീകരിച്ചു. പദ്ധതി പുരോഗതിയിലാണ്. |
| 3. | കലുക്കല്ലൂർ പഞ്ചായത്തിലെ ആനക്കൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീം | പ്രവൃത്തി പൂർത്തീകരിച്ചു |
| 4. | പട്ടാമ്പി മുൻസിപ്പാലിറ്റിയിലെ കീഴയൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം | പ്രവൃത്തി പൂർത്തീകരിച്ചു |

**2017- 18 :** തിരുവേഗപ്പുറ പഞ്ചായത്തിൽ കാലടിക്കുന്ന് എൽ.ഐ.എസ്സിന് താഴെ റെഗുലേറ്റർ കിഫ്ബിയുടെ ധന സഹായത്തോടെ നിർമ്മിക്കുന്നതിന് ഐ.ഡി.ആർ.ബിയിൽ നിന്ന് ഡിസൈൻ ലഭ്യമാക്കി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ഡി.പി.ആർ തയ്യാറാക്കി നല്കുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**